# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/28/2018 2018 ഫെബ്രുവരി 7

## <u>പത്രക്കുറിപ്പ്</u>

**<u>പരീക്ഷാ തീയതി</u>**

ഒന്നാം സെമസ്റ്റർ എം.ബി.എ. (പുതിയ സ്കീം – 2017 അഡ്മിഷൻ – റഗുലർ/2014 – 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 20ന് ആരംഭിക്കും.

**<u>അപേക്ഷാ തീയതി</u>**

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ., എം.എസ്.സി., എം.കോം., എം.സി.ജെ., എം.എസ്.ഡബ്ല്യു, എം.ടി.എ. (2016 അഡ്മിഷൻ) ഇംപ്രൂവ്മെന്റ് പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികളുടെയും അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 8 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർഫൈനോടെ 12 വരെയും സ്വീകരിക്കും. അപേക്ഷകൾ ബന്ധപ്പെട്ട പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർക്ക് സമർപ്പിക്കണം. ഇന്റേണൽ മാർക്കുകൾ പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

**<u>പ്രൈവറ്റ് ബി.എ./ബി.കോം പരീക്ഷാകേന്ദ്രം</u>**

അഞ്ചും ആറും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ./ബി.കോം വിദ്യാർത്ഥികൾ പരീക്ഷാ അപേക്ഷയിൽ മൂന്ന് പരീക്ഷാകേന്ദ്രങ്ങൾ സൂചിപ്പിക്കേണ്ടതും, അതിൽ നിന്നും സർവ്വകലാശാല അനുവദിക്കുന്ന കേന്ദ്രത്തിൽ പരീക്ഷയെഴുതേണ്ടതുമാണ്.

**<u>എം.ഫിൽ: സംവരണ സീറ്റൊഴിവ്</u>**

സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തുന്ന എം.ഫിൽ ബയോസയൻസ് കോഴ്സിൽ പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള ഒരു സീറ്റൊഴിവുണ്ട്. താല്പര്യമുള്ള വിദ്യാർത്ഥികൾ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 15ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് ബയോസയൻസസ് ഡയറക്ടർ മുമ്പാകെ ഹാജരാകണം. എം.എസ്.സി. – ബയോഫിസിക്സ്/മൈക്രോബയോളജി / ബയോടെക്നോളജി/ ബയോകെമിസ്ട്രി എന്നിവയിലേതെങ്കിലുമാണ് അടിസ്ഥാന യോഗ്യത. ഫോൺ: 0481 – 2731035.

**<u>പരീക്ഷാഫലം</u>**

2017 ജൂൺ മാസം നടത്തിയ രണ്ടും മൂന്നും സെമസ്റ്റർ എം.ടെക് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 17 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. (സ്പെഷ്യൽ) ക്ലിനിക്കൽ ന്യൂട്രീഷൻ & ഡയറ്ററ്റിക്സ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 19 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് (പി.ജി. സി.എസ്.എസ്.) ചൈൽഡ് ഡെവലപ്മെന്റ് ആന്റ് ഫാമിലി സയൻസ്, കമ്മ്യൂണിറ്റി ആന്റ് ഫാമിലി സയൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോകെമിസ്ട്രി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും

ഫെബ്രുവരി 21 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. മോഹിനിയാട്ടം, ഭരതനാട്യം, മ്യൂസിക് വയലിൻ (റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 23 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**